## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1764 — 22.03.2012-ൽ മറുപടിക്ക്.

### പോലീസ് കംപ്ലയിന്റ് അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് നടപ്പിലാക്കിയ പോലീസ് കംപ്ലയിന്റ് അതോറിറ്റി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ ; | : (എ) ഉണ്ട്. 17.02.2012-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ:475/2012/ആഭ്യന്തരം പ്രകാരം സംസ്ഥാന പോലീസ് കംപ്ലയിന്റ് അതോറിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ താലൂക്ക് ലീഗൽ സൊസൈറ്റി, ഗ്രാമസഭ, കുടുംബശ്രീ, അയൽക്കൂട്ടം, ദൃശ്യമാധ്യമങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തുമോ ; | : (ബി) ജില്ലാതല പോലീസ് കംപ്ലയിന്റ് അതോറിറ്റിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് പോലീസ് സ്റ്റേഷനുകളിലും പോലീസ് സർക്കിൾ ഓഫീസുകളിലും പോലീസ് സബ് ഡിവിഷണൽ ഓഫീസുകളിലും ഇക്കാര്യത്തെ സൂചിപ്പിച്ച് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ലീഗൽ സൊസൈറ്റി, ഗ്രാമസഭ, കുടുംബശ്രീ തുടങ്ങിയവയുടെ സേവനം പ്രയോജനപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |

(മറുപുറം)

| | |
|---|---|
| (സി) അതോറിറ്റിയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റുമാരുടെ കാര്യാലയത്തിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ; | : (സി) & (ഡി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) ജില്ലാ മജിസ്ട്രേറ്റു കാര്യാലയത്തിൽ ഇതിലേക്കായി ഒരു ജൂനിയർ സൂപ്രണ്ടിന്റെയും ക്ലാർക്കിന്റെയും തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ? | |

സെക്ഷൻ ഓഫീസർ